# എം.ജി.ഓ.സി.എസ്.എം സ്നേഹസംഗമം നടത്തി

റാന്നി : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വിദ്യാർത്ഥി പ്രസ്ഥാനമായ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം മിഷനറി ഫോറത്തിന്റെയും നിലയ്ക്കൽ ഭദ്രാസന വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ഓണക്കൂട്ടം 2016 സ്നേഹ സംഗമം സംഘടിപ്പിച്ചു. രോഗികളെയും അശരണരെയും വയോധികരെയും പാർപ്പിക്കുന്ന വെച്ചൂച്ചിറ മാർ ബസേലിയോസ് ഗ്രീഗോറിയോസ് മേഴ്സി ഹോമിൽ ചേർന്ന സ്നേഹസംഗമം യൂണി–വൈ ദേശീയ ചെയർമാനും എം.ജി.ഓ.സി.എസ്.എം കേന്ദ്ര വൈസ്പ്രസിഡന്റുമായ നിമേഷ് കോവിലകം ഉദ്ഘാടനം ചെയ്തു. എം.ജി.ഓ.സി.എസ്.എം ഭദ്രാസന വൈസ്പ്രസിഡന്റ് റവ.ഫാ.അജി തോമസ് ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ചു. മിഷനറി ഫോറം സെക്രട്ടറി ജിജിൻ മാത്യു വർഗീസ്, വർഗീസ് സാം, ഡോ.റോബിൻ പി.മാത്യു, നിഖിത് കെ.സഖറിയ, നെവിൻ പോൾ തുടങ്ങിയവർ പ്രസംഗിച്ചു. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ മേഴ്സി ഹോം അംഗങ്ങൾക്ക് ഓണ സദ്യയും ഓണക്കളികളും ക്രമീകരിച്ചു.